

# ബൈബിൾ ട്രൂത്

# EXCELLENT OFFER ALMOST FREE !

Receive 20 Attractive All New Books, Worth More Than Rupees Two Hundred, By Sending Rupees Thirty Only. (This is Mailing & Forwarding Charges Only) Good For Preachers, Teachers, And Students Of The Bible.

Also Available Are 20 Books, In Hindi Just For Rupees Twenty Only.

All Books Are Mailed Free Of Charge. Send By M.O Only, Which Should Be Addressed To :

**Editor,**
**THE BIBLE TEACHER**
**C-22, N. D. S E. II**
**NEW DELHI-110049.**


## നോട്ടീസ്

ആർക്കെങ്കിലും മാസിക കിട്ടാതെ വരുമ്പോൾ, നിങ്ങൾ സ്ഥലം മാറുമ്പോൾ, മാസിക വേണ്ടെന്നുള്ളവർ എല്ലാ കത്തിടപാടുകളിലും നിങ്ങളുടെ അഡ്രസിന്റെ മുകളിൽ കൊടുത്തിരിക്കുന്ന നമ്പർ വ്യക്തമായി എഴുതിയിരിക്കണം. പുതിയ അഡ്രസ് എഴുതുമ്പോൾ അതു വലിയ അക്ഷരത്തിൽ എഴുതിയിരിക്കണം. പഴയ കോപ്പികൾ മാസങ്ങൾക്കു ശേഷം ആവശ്യപ്പെട്ടാൽ ലഭിക്കുന്നതല്ല.

ലേഖനങ്ങളും കവിതകളും അയക്കുമ്പോൾ അതോടൊപ്പം അതു നിങ്ങളുടേതു തന്നെ എന്നു കാണിക്കുന്ന സാക്ഷ്യപത്രവും പൂർണ്ണവിലാസവും ഉണ്ടായിരിക്കണം. പ്രസിദ്ധീകരണയോഗ്യമെങ്കിൽ മാത്രം പ്രസിദ്ധീകരിക്കുന്നതാണ്.

വായനക്കാരുടെ എല്ലാവരുടേയും ഹൃദയം നിറഞ്ഞ സ്നേഹത്തിനും പ്രോത്സാഹനത്തിനും നന്ദി. വെറും വായനക്കാർ മാത്രമായിരിക്കാതെ വചനം പ്രായോഗികമാക്കി തീർക്കുക.

എഡിററർ

# THE BIBLE TRUTH

**Editors**

**P. K. VARGHESE** **J. C. CHOATE**

ooo ooo ooo

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 9** **October 1995** **No. 7**

ക്ഷണഭംഗുരങ്ങളായ പ്രതിഭാസങ്ങളിൽ ആകൃഷ്ടരാകുന്നവർ എക്കാലത്തും ധാരാളമുണ്ട്. അതിനുദാഹരണമാണ് അടുത്ത കാലത്ത് വിഗ്രഹങ്ങൾ പാൽ കുടിക്കുന്നു എന്ന വാർത്തക്കുണ്ടായ പ്രതികരണം. ഇതിനെ പല രൂപത്തിൽ ആണല്ലോ ആളുകൾ വിലയിരുത്തിയത്. അവസാനം ഇതിൽ അതിശയിക്കത്തക്ക യാതൊന്നും ഇല്ല എന്ന സ്ഥിതിയിലേക്കു മാറി. ഇതിന്റെ പിന്നിൽ പ്രവർത്തിച്ചവരുടെ ഉദ്ദേശം എന്തായിരുന്നു എന്ന് അവർക്കും ദൈവത്തിനും അറിയാം. ജീവനില്ലാത്ത വസ്തുക്കൾക്കു ദൈവ ശക്തി ഉണ്ടെന്നു വരുത്തി തീർക്കുന്ന മനുഷ്യരുടെ സങ്കല്പങ്ങളിൽ ഒതുങ്ങി നില്ക്കുന്നതല്ല ദൈവശക്തി. അക്ഷയനായ ദൈവ തേജസിനെ ക്ഷയമുള്ള വസ്തുക്കൾക്കു പകരുവാൻ ശ്രമിക്കുന്നതു മൗഢ്യമാണ്. ഇത്തരം അബദ്ധ ജഢിലങ്ങൾ വിശ്വസിക്കാതിരിക്കണമെങ്കിൽ ആളുകൾക്കു ദൈവിക പരിജ്ഞാനം ലഭിക്കണം. അതാണ് എന്നും ഏതു മനുഷ്യനും അത്യന്താപേക്ഷിതം.

P.K. Varghese

# നന്മ മൂടി വെക്കുന്നതിനും നീതീകരിക്കുന്നതിനും ഒഴിവു കഴിവുകൾ നിരത്തുന്നു

J. C. ചോട്ട്

ആളുകൾ തങ്ങളുടെ പ്രവൃത്തികളെ ന്യായീകരിക്കാൻ ശ്രമിക്കുന്നതു സാധാരണയാണ്. ഉദാഹരണമായി "എല്ലാവരും ചെയ്യുന്നുണ്ടല്ലൊ" എന്ന പ്രസ്താവന നാം പറഞ്ഞു കേൾക്കാറുണ്ട്. നുണ പറയുന്നതായാലും, സത്യസന്ധതയില്ലായ്മയായാലും, അധാർമ്മിക ലൈംഗിക സ്വഭാവമായിരുന്നാലും, കൈക്കൂലി വാങ്ങുകയോ കൊടുക്കുകയോ ആയാലും ഇതുപോലെ മററനേകായിരം കാര്യങ്ങളിലും തെററു ചെയ്യുന്ന വ്യക്തി പറയുന്നതു "ആരാണ് ഇതെല്ലാം ചെയ്യാത്തത്" എന്നാണ്. മററുള്ളവർ കുററമുള്ളവരായതു കൊണ്ട് ഒരാൾ ചെയ്യുന്നതിൽ തെററില്ല എന്നാണ് അയാൾ ചിന്തിക്കുന്നതു. തീർച്ചയായും എല്ലാവരും അതു ചെയ്യുന്നില്ല. എന്നാൽ എല്ലാവരും ചെയ്യുകയാണെങ്കിൽ തന്നെ അതു ശരിയാകുമോ? ഒരു കാര്യം തെററാണെങ്കിൽ അതെന്തു കാരണത്താൽ എത്രപേർ ചെയ്യുന്നു എന്നതു ഗണ്യമാക്കാതെ തെററു തന്നെ എന്നു തീർത്തു പറയാം. ഒരു കാര്യം ശരിയാണെങ്കിൽ അതു മററുള്ളവർ ചെയ്തില്ലെങ്കിൽ പോലും നാം ചെയ്യണം. ചിലപ്പോൾ വളരെ കുറച്ചു പേർ മാത്രമായിരിക്കാം ഈ നന്മ പ്രവർത്തിക്കുന്നത്. എങ്കിൽ പോലും ലോകത്തിലുള്ള ആളുകൾ, ശരിയായി പ്രവർത്തിക്കുന്നവരേയും, തെററിനെ ഒഴിവാക്കുന്നവരെയും ബഹുമാനിക്കയും വിലമതിക്കയും ചെയ്യും. ഇതു പൊതുവായ ഒരു സത്യമാണ് (റോമർ 13:13; 1 തെസലോനിക്യർ 4:12).

നന്മ ചെയ്യാതിരുന്നിട്ട് അതിനെ ന്യായീകരിക്കുവാൻ ചിലപ്പോൾ നാം ഒഴിവു കഴിവുകൾ ഉപയോഗിക്കാറുണ്ട്. സഭയിൽ ആരാധനക്കു പുറത്തുള്ളവരെ ക്ഷണിക്കുന്നതു

പാഴ്വേലയാണ് എന്നു പറയുന്നവർ ഉണ്ടെന്നു വിചാരിക്കുക. അവർ പറയുന്നത്; അവരുടെ ബന്ധുക്കളേയും സ്നേഹിതരേയും എത്രയോ പ്രാവശ്യം വിളിച്ചിട്ടുണ്ട്; പക്ഷേ അവരാരും ഒരു താല്പര്യവും കാണിക്കുന്നില്ല; പിന്നെ എന്തു ചെയ്യും എന്നാണ്. ഇതുപോലെയുള്ളവർ സുവിശേഷീകരണം തന്നെ ഉപേക്ഷിക്കുകയാണ് ചെയ്യുന്നത്. ഇവിടെ പ്രശ്നമെന്താണെന്നോ? കുറേ കഴിയുമ്പോൾ ഇവർ മററുള്ളവരെക്കുറിച്ച് താല്പര്യമില്ല എന്നു പറയുന്നതു പോലെ ഇവരെ കുറിച്ച് മററുള്ളവർ ''അവർക്ക് ഒരു താല്പര്യവുമില്ല'' എന്നു പറയുന്നതു കേൾക്കേണ്ടി വരും. ഇതു സാത്താൻെറ പ്രചാരണമാണ്; കർത്താവിൻെറ ജനത്തിൽ അധികപങ്കും അതിന് ഇരയായിതീരുന്നു എന്നതാണ് വാസ്തവം. മററു കാര്യങ്ങളിൽ ഇത്തരം ഒഴിവു കഴിവുകൾ ആളുകൾ ഉപയോഗിക്കാറില്ല എന്നതും വിചിത്രമാണ്.

ഒരു വ്യാപാരി ഇത്തരം ഒഴിവു കഴിവുകൾ തൻെറ വ്യാപാരത്തിൽ ഉപയോഗിക്കുകയാണെങ്കിൽ എന്തായിത്തീരും ഫലം? ''എൻെറ ഉല്പന്നത്തെക്കുറിച്ച് ഇനി ആരോടും പറയുന്നില്ല: കാരണം പറഞ്ഞവർക്ക് ആർക്കും വാങ്ങാൻ തക്ക താല്പര്യം കാണുന്നില്ല''. ഇങ്ങനെ ഒരാൾ വിചാരിച്ചുകൊണ്ടിരുന്നാൽ അധികനാൾ കച്ചവടം നടത്താൻ സാധിക്കുകയില്ല എന്നു മാത്രമല്ല പട്ടിണിയിലേക്കു നീങ്ങുകയും ചെയ്യും. സാധാരണ ഒരു വ്യാപാരിയും ഇങ്ങനെ ചിന്തിക്കാറില്ല. അവർക്ക് വില്ക്കുവാനുള്ള വസ്തുവിൽ അവർക്കു വിശ്വാസമുണ്ട്. ആ ലക്ഷ്യത്തിൽ അവർ പ്രവർത്തന നിരതരായിരിക്കും. എത്ര പരാജയപ്പെട്ടാലും വീണ്ടും വീണ്ടും അതു വില്ക്കുവാനുള്ള ശ്രമം തുടർന്നുകൊണ്ടേയിരിക്കും. അങ്ങനെ അവസാനം അവർ വിജയിക്കുകയും ചെയ്യും. ദൈവപുത്രനായ ക്രിസ്തുവിൽ നാം പൂർണ്ണമായി വിശ്വസിക്കുന്നുവെങ്കിൽ, നമ്മുടെ പാപങ്ങൾക്കു വേണ്ടി അവൻ ക്രൂശിൽ മരിച്ചു എന്നും അവനു നമ്മെ രക്ഷിപ്പാൻ കഴിയുമെന്ന് ഉറപ്പുണ്ടെങ്കിൽ ആ സന്ദേശം ആരേ

ശത്തോടെ, എരിവോടെ മററുള്ളവരിൽ എത്തിക്കാൻ നാം ശ്രമിച്ചുകൊണ്ടേയിരിക്കും. അങ്ങനെ നാം ആളുകളെ ക്രിസ്തുവിലേക്കു നേടിക്കൊണ്ടിരിക്കുകയും ചെയ്യും. സ്നേഹിതരേയും ബന്ധുക്കളേയും ആരാധനക്കും ബൈബിൾ പഠനത്തിനും നാം പ്രോത്സാഹിപ്പിക്കയും ചെയ്യും. (പ്രവൃത്തി 8-ാം അദ്ധ്യായം ദയവായി വായിക്കുക).

ക്രിസ്തുവിന്റെ സഭ നടത്തുന്ന ബൈബിൾ കറസ്പോണ്ടൻസ് കോഴ്സുകൾ നടത്തുവാൻ ആളുകളെ അത് അറിയിക്കാതെ ഇരിക്കുന്നവർ കണ്ടേക്കാം. അവർ പറയുന്നതു ആളുകൾ ബൈബിൾ പഠനത്തെ നിസ്സാരമാക്കി തള്ളിക്കളയുന്നു എന്നാണ്. ബൈബിൾ പഠനം കുട്ടികൾക്കുള്ളതാണ് എന്ന തോന്നൽ വെച്ചു പുലർത്തുന്നവർ ഉണ്ട്. അങ്ങനെയുള്ള തെററിദ്ധാരണകൾ മാററിയെടുക്കണം. അജ്ഞത തുടച്ചു നീക്കുവാൻ പരിജ്ഞാനമുള്ളവർ തയ്യാറാകണം. ദുരഭിമാനവും പാരമ്പര്യ ചിന്താഗതികളും മാററിയെടുക്കണമെങ്കിൽ പ്രബോധനം അവർക്കിടയിൽ എത്തണം. അറിയേണ്ട കാര്യങ്ങൾ അറിയാതിരിക്കുമ്പോൾ അവർക്കു നഷ്ടമാകുന്നത് എന്താണെന്ന് ഓർമ്മിക്കുക. ദൈവത്തെക്കുറിച്ചും മനുഷ്യരെക്കുറിച്ചും ഉള്ള അറിവ് ഒരിക്കൽ മർമ്മമായിരുന്നു. എന്നാൽ ആ പരിജ്ഞാനം ഇന്നു കർത്താവ് തന്റെ സഭയിൽ കൂടെ മററുള്ളവരെ അറിയിക്കണമെന്ന് താല്പര്യപ്പെടുന്നു. ദൈവികപരിജ്ഞാനം എല്ലാ മനുഷ്യരിലും എത്തണമെന്നു ദൈവം വിചാരിക്കുന്നു. നമ്മൾ ഒഴിവു കഴിവുകൾ പറഞ്ഞ് ചെയ്യേണ്ട പ്രവർത്തി ചെയ്യാതിരിക്കുന്നു. ഇത് ഒരിക്കലും ന്യായീകരിക്കത്തക്കതല്ല എന്ന് എടുത്തു പറയട്ടെ.

ചില സ്ഥലങ്ങളിലുള്ള ക്രിസ്തുവിന്റെ സഭയെ അധികം ആർക്കും അറിഞ്ഞു കൂടാ എന്ന സ്ഥിതിവരാമോ? ക്രിസ്തുവിന്റെ സഭ എന്ന ഒന്ന് കേട്ടിട്ടേയില്ല എന്നു പറയുന്ന ഒരു സാഹചര്യം നാം ഉണ്ടാക്കാമോ? ഒരിക്കലും

അരുത്. സഭയെ കുറിച്ച് ഒന്നുമറിയാതിരിക്കുന്നആളുകൾ എങ്ങനെ സത്യമറിയും? നാമധേയ വിഭാഗങ്ങളിൽ നിന്നും വ്യത്യസ്ഥമാണ് കർത്താവിന്റെ സഭയെന്ന് ആളുകൾ എങ്ങനെ തിരിച്ചറിയും? ഒരു പക്ഷേ നമ്മൾ ആണ് പ്രശ്നം. സഭയെയും സഭയുടെ രൂപഘടനയെയും നാം സമൂഹത്തിൽ ശരിയായി അവതരിപ്പിക്കുന്നില്ലെങ്കിൽ അതിനു മററാരെയും പഴിച്ചതുകൊണ്ട് ഫലമില്ലല്ലൊ. അന്ധവിശ്വാസത്തിലും അനാചാരത്തിലും മുഴുകി ജീവിക്കുന്ന ജനങ്ങളുടെ വിവേചനത്തിനു ദൈവീക ഉപദേശം അനിവാര്യമാണ്. അതിൽ ഓരോരുത്തരുടേയും പങ്ക് മാററി നിർത്താവുന്നതല്ല. കൃത്യ നിർവ്വഹണബോധം നിലനിർത്തി പ്രവർത്തിക്കേണ്ടവരാണ്. ക്രിസ്തുവിലായിത്തീർന്ന അവന്റെ ശിഷ്യന്മാർ ഒരാൾ തന്നിൽ നിക്ഷിപ്തമാക്കിയിരിക്കുന്ന പ്രവൃത്തി ചെയ്യാതിരുന്നാൽ മററാരെങ്കിലും ചെയ്യുമെന്ന് ധരിക്കുക. പക്ഷെ അതിൽ വരുന്ന പോരായ്മകൾക്കു ഉത്തരവാദി ആരായിരിക്കുമെന്ന് അറിയാമല്ലൊ.

സത്യം എവിടെയായാലും പഠിപ്പിച്ചാൽ അതിനു ഫലം ഉണ്ടാകും. സഭയെയും സഭയുടെ ഘടനയെയും ആളുകൾക്കു ഗ്രഹിക്കാൻ കഴിയും. നാം ഓരോരുത്തരും അതിനായി പരിശ്രമിച്ചാൽ ക്രിസ്ത്യാനിയെ സംബന്ധിച്ച സത്യം നമ്മിൽ പൂർണ്ണമാകുന്നതു അവന്റെ പ്രവൃത്തികളും ഉപദേശങ്ങളും പൂർണ്ണമായി അറിയുമ്പോഴാണ്. സഭ വഹിക്കുന്ന നാമം കർത്താവിന്റേതാണ്. അതു കൊണ്ട് ഒരാൾ ക്രിസ്തുവിന്റെ വചനം കേട്ട്, വിശ്വസിച്ച് അനുസരിക്കുമ്പോൾ ആ വ്യക്തി കർത്താവിന്റെ സഭയിൽ അംഗമായി തീരുന്നു. കാരണം രക്ഷിക്കപ്പെടുന്നവരെ കർത്താവ് ദിനം പ്രതി തന്റെ സഭയോടു ചേർത്തു കൊണ്ടിരുന്നു എന്നു വിവരിക്കുന്നു (പ്രവൃത്തികളുടെ പുസ്തകം രണ്ടാം അദ്ധ്യായം വായിക്കുക). ഈ കാര്യങ്ങൾ എല്ലാം പുറത്തുവരാതെ എങ്ങനെ സത്യം പഠിപ്പിക്കാനൊക്കും? എങ്ങനെ ബൈബിൾ കോഴ്സിന്റെ പ്രയോജനം ലഭിക്കും? നിങ്ങൾ പ്രതിനിധീകരിക്കുന്ന ക്രിസ്തു

വിന്റെ സഭയെ ദുരഭിമാനത്തോടെ കാണുന്ന ആളുകൾക്കു വാസ്തവത്തിൽ സഭയെക്കുറിച്ച് അറിവില്ലാത്തതുകൊണ്ടാണ്. ബൈബിളിൽ പറയുന്ന ഏകസഭയുടെ സവിശേഷതകൾ അവർക്കു തെളിയിച്ചു കൊടുക്കാതെ അവർ എങ്ങനെ മനസിലാക്കും? ക്രിസ്തുവിന്റെസഭ, ഒരു മാസിക പ്രസിദ്ധീകരിക്കുന്നുണ്ടെങ്കിൽ ആ മാസികയിലെ ലേഖനങ്ങൾ എന്തെല്ലാമെന്ന് കൃത്യമായി പറയാൻ പററുന്നവർ സഭയിൽ എത്രപേരുണ്ട്? ആ മാസിക തന്റെ സ്നേഹിതർക്കും മററും വിതരണം ചെയ്യാൻ അവസരം ഉണ്ടായിട്ടും അവ ചെയ്യാത്തവർ എത്ര പേരുണ്ട്? ഇതിനെല്ലാം ഒഴിവുകഴിവുകൾ ധാരാളം പറയുവാൻ ഉണ്ടാകും. പക്ഷേ അതെല്ലാം വെറും ന്യായീകരണങ്ങൾ മാത്രം.

ഇതിലെല്ലാമുള്ള വസ്തുത എന്തെന്നാൽ തങ്ങളുടെ പ്രവൃത്തികളെ ന്യായീകരിക്കുന്നവർ ഭൂരിഭാഗത്തെ അല്ലെങ്കിൽ മററുള്ളവരെ എടുത്തുകാണിച്ചു ചെയ്യരുതാത്തതു ചെയ്യുന്നു: ചെയ്യേണ്ടതു ചെയ്യാതിരിക്കുന്നു. ആളുകൾ സത്യം അനുസരിക്കുകയില്ല എന്ന് അവർ ഭയപ്പെടും. ആളുകളുടെ അവഹേളനം എന്തിനു കേൾക്കണം എന്നായിരിക്കാം. നാം മറക്കാതെ ഓർമ്മിക്കേണ്ട കാര്യം കർത്താവ് മാത്രമാണ് സ്വർഗ്ഗത്തിലേക്കുള്ള ഏക വഴി എന്നും അത് ഇടുങ്ങിയ വഴിയാണെന്നും ആണ് (യോഹന്നാൻ 14:6; മത്തായി 7:13-14). മററുള്ളവർ ചെയ്യുന്നുണ്ടോ ഇല്ലയോ എന്നു നോക്കാതെ നാം ചെയ്യേണ്ടതു ചെയ്തിരിക്കണം. കർത്താവ് വിലക്കിയിരിക്കുന്ന ഒരു കാര്യം ലോകം മുഴുവൻ ചെയ്യുന്നുണ്ടെങ്കിലും നാം അതു ചെയ്യുവാൻ പാടില്ല. നാം ക്രിസ്തുവിൽ വിശ്വാസം അർപ്പിക്കുമ്പോൾ, നമ്മുടെ ജീവിതത്തിൽ അവനു നാം പ്രഥമ സ്ഥാനം കൊടുക്കുകയും നമുക്കു കിട്ടുന്ന നിരവധി അവസരങ്ങളിൽ നാം ശരിയായി പ്രവർത്തിക്കയും വേണം. അതായത് ക്രിസ്തുവിന്റെ വചനം ആളുകളോട് പ്രസ്താവിക്കണം: അങ്ങനെ അവർ ക്രിസ്തുവിലേക്കു പരിവർത്തനം ചെയ്യപ്പെടും. ചെയ്യാതിരിക്കുന്നതിന് ഒഴിവു കഴിവു കണ്ടെത്തുന്ന പ്രവ

ണത നാം പൂർണ്ണമായി ഉപേക്ഷിക്കണം. നാം കർത്താവിനെ സ്നേഹിച്ച്, സൗജന്യമായി അവനെ സമ്മതിപ്പിച്ച് ലോകത്തോട് അവനെ പ്രഖ്യാപിക്കണം., വിശ്വസ്തതയോടുകൂടി അവനെ സേവിക്കയും വേണം. കൂടാതെ ദൈവനാമ മഹത്വത്തിനായി നാം ഫലം പുറപ്പെടുവിക്കുന്നവരായി മാറുകയും വേണം. ഈ കാര്യങ്ങളിലെല്ലാം നമുക്കെത്ര വിശ്വാസമുണ്ട്; മനസ്സൊരുക്കമുണ്ട്? എത്രമാത്രം ശക്തമാണ് വിശ്വാസം എന്നിവയെ ആസ്പദമാക്കിയിരിക്കും. സ്വർഗ്ഗീയ പിതാവിന്റെ ഇഷ്ടത്തെ മാനിക്കുന്ന ഒരാൾക്ക് തന്റെ കടമയിൽ നിന്നും ഒഴിഞ്ഞുമാറാവുന്നതല്ല. നമ്മെ മറച്ചു പിടിക്കാതെ സമൂഹത്തിൽ വെളിപ്പെടുത്തുക. ദൈവത്തെയാണ് നാം പ്രസാദിപ്പിക്കേണ്ടത്.

☆

# ദൈവം സത്യവാൻ

## ദില്ലാർഡ് തർമാൻ

യെഹൂദന്മാരുടെ അവിശ്വാസമായിരുന്നു പൗലൊസിന്റെ ഏററവും വലിയ തടസം. അവൻ പലപ്പോഴും അവരുമായി തുറന്ന വെല്ലുവിളി ഉയർത്തിയിരുന്നു. ''ചിലർ വിശ്വസിച്ചില്ല എങ്കിൽ അവരുടെ അവിശ്വാസത്താൽ ദൈവത്തിന്റെ വിശ്വസ്തതെക്കു നീക്കം വരുമോ? ഒരു നാളും ഇല്ല. ''നിന്റെ വാക്കുകളിൽ നീ നീതീകരിക്കപ്പെടുവാനും നിന്റെ ന്യായവിസ്താരത്തിൽ ജയിപ്പാനും'' എന്ന് എഴുതിയിരിക്കുന്നതുപോലെ ദൈവം സത്യവാൻ, സകല മനുഷ്യരും ഭോഷ്കു പറയുന്നവർ എന്നേ വരു (റോമർ 3:3-4). ഈ വാഗ്ദാനത്തിന്മേൽ നല്കപ്പെട്ട ഒന്നാണ് നമ്മുടെ രക്ഷ. ഭോഷ്ക്കില്ലാത്ത ദൈവം സകല

കാലത്തിനും മുമ്പെ വാഗ്ദത്തം ചെയ്ത നിത്യജീവന്റെ പ്രത്യാശ ഹേതുവായി തന്റെ വൃതന്മാരുടെ വിശ്വാസത്തിനും ഭക്തിക്കും അനുസാരമായ സത്യത്തിന്റെ പരിജ്ഞാനമാണ് ദൈവം നല്കിയിരിക്കുന്നതു (തീത്തൊസ് 1:2). അതുകൊണ്ട് ദൈവം വാഗ്ദത്തത്തിന്റെ അവകാശികൾക്കു തന്റെ ആലോചന മാറാത്തതു എന്നു അധികം സ്പഷ്ടമായി കാണിപ്പാൻ ഇച്ഛിച്ചു ഒരു ആണയാലും ഉറപ്പു കൊടുത്തു. അങ്ങനെ നമ്മുടെ മുമ്പിൽ വെച്ചിട്ടുള്ള പ്രത്യാശ പിടിച്ചു കൊൾവാൻ ശരണത്തിനായി ഓടി വന്ന നാം മാറിപ്പോകാത്തതും ദൈവത്തിനു ഭോഷ്കു പറവാൻ കഴിയാത്തതുമായ രണ്ടു കാര്യങ്ങളാൽ ശക്തിയുള്ള പ്രബോധനം പ്രാപിപ്പാൻ ഇടവരുന്നു (എബ്രായർ 6:17-18). ദൈവത്തിന്റെ ആത്മാർത്ഥതയിൽ നിങ്ങളുടെ പ്രത്യാശയെല്ലാം അർപ്പിക്കാം. എല്ലാ കാര്യങ്ങളിലും അവൻ നല്കിയിട്ടുള്ള വാഗ്ദാനങ്ങൾ എല്ലാം സുഭദ്രമാണെന്നു ഉറപ്പിക്കയും ചെയ്യാം.

## ദൈവം എല്ലായ്പ്പോഴും സത്യവാനും വിശ്വസ്തനും ആകുന്നു.

ആദ്യമായി ദൈവം തന്റെ വിശ്വസ്തത തിരുവെഴുത്തിൽ വെളിപ്പെടുത്തിയിട്ടുണ്ട്. ദുഷ്ടനായിരുന്നിട്ടു പോലും ബിലെയാം പറയാൻ മടിക്കാതിരുന്ന കാര്യം ശ്രദ്ധിക്കുക. "വ്യാജം പറവാൻ ദൈവം മനുഷ്യനല്ല, അനുതപിപ്പാൻ അവൻ മനുഷ്യപുത്രനുമല്ല; താൻ കല്പിച്ചതു ചെയ്യാതിരിക്കുമോ? താൻ അരുളിച്ചെയ്തതു നിവർത്തിക്കാതിരിക്കുമോ?" മനുഷ്യർ തങ്ങളുടെ വാക്കുകൾ ലംഘിക്കും, വാഗ്ദാനം പാലിക്കാതിരിക്കും; ഉടമ്പടി ലംഘിക്കും. പക്ഷേ ദൈവം വാഗ്ദാനം ചെയ്തത് എന്നേക്കും നിലനില്ക്കുന്നതും നിറവേറുന്നതും ആയിരിക്കും. മോശെ അവനെക്കുറിച്ചു പറഞ്ഞതു: "അവൻ പാറ; അവന്റെ പ്രവൃത്തി അത്യുത്തമം, അവന്റെ വഴികൾ ഒക്കെയും ന്യായം; അവൻ വിശ്വസ്തതയുള്ള ദൈവം, വ്യാജമി

ള്ളാത്തവൻ, നീതിയും നേരുമുള്ളവൻ തന്നെ (ആവർത്തന പുസ്തകം 32:4). അബ്രാഹാമും ദൈവവുമായുള്ള സംഭാഷണത്തിൽ ദൈവത്തെക്കുറിച്ച് അവൻ ചോദിക്കുന്നതു ഗ്രഹിക്കുക. "ഇങ്ങനെ നീ ഒരു നാളും ചെയ്യുന്നതല്ലല്ലോ? നീതിമാൻ ദുഷ്ടനെപ്പോലെ ആകത്തക്കവണ്ണം ദുഷ്ടനോടു കൂടെ നീതിമാനെ നീ ഒരുനാളും കൊല്ലുകയില്ല. സർവ്വ ഭൂമിക്കും ന്യായാധിപതിയായവൻ നീതി പ്രവർത്തിക്കാതിരിക്കുമോ? (ഉല്പത്തി 18:25). ദൈവത്തിന്റെ സത്യസന്ധതയും വിശ്വസ്തതയും എന്നുമെന്നും ആശ്രയിക്കത്തക്കതു തന്നെ.

## സത്യവാനും നീതിമാനുമായ ന്യായാധിപതി യാണ് ദൈവം

സകല മനുഷ്യരുടെയും ന്യായകർത്താവാണ് ദൈവം. ആകയാൽ അവന്റെ ന്യായവിധികൾ എല്ലാം നീതി പൂർവ്വമായിരിക്കും. അയോഗ്യരായ ആരും സ്വർഗ്ഗത്തിലുണ്ടാകയില്ല. അതുപോലെ തന്നെ സ്ഥലം മാറി ആരും നരകത്തിലും ഉണ്ടാകയില്ല. ഇതേ ആശയം ഹോശേയാ വിവരിക്കുന്നുണ്ട്. "ഇതു ഗ്രഹിപ്പാൻ തക്ക ജ്ഞാനി ആർ? ഇതു അറിവാൻ തക്ക വിവേകി ആർ? യഹോവയുടെ വഴികൾ ചൊവ്വുള്ളവയല്ലൊ; നീതിമാന്മാർ അവയിൽ നടക്കും; അതിക്രമക്കാരോ അവയിൽ ഇടറി വീഴും" (ഹോശേയ 14:9). സങ്കീർത്തനക്കാരൻ അരുളിച്ചെയ്തതു നോക്കുക: യഹോവ ജാതികളെ ന്യായം വിധിക്കുന്നു; യഹോവേ എന്റെ നീതിക്കും പരമാർത്ഥതക്കും തക്കവണ്ണം എന്നെ വിധിക്കേണമെ (സങ്കീർത്തനങ്ങൾ 7:8). എന്നാൽ യഹോവ എന്നേക്കും വാഴുന്നു; ന്യായവിധിക്ക് അവൻ സിംഹാസനം ഒരുക്കിയിരിക്കുന്നു. അവൻ ലോകത്തെ നീതിയോടെ വിധിക്കും; ജാതികൾക്കു നേരോടെ ന്യായപാലനം ചെയ്യും (സങ്കീർത്തനങ്ങൾ 9:7-8). വീണ്ടും ഇസ്രായേലിലെ മധുരഗായകൻ പറഞ്ഞു: യഹോവ വാഴുന്നു എന്നു ജാതികളുടെ ഇടയിൽ പറവിൻ; ഭൂലോകവും ഇളകാതെ ഉറച്ചു നില്

ക്കുന്നു. അവർ ജാതികളെ നേരോടെ വിധിക്കും. (സങ്കീർത്തനങ്ങൾ 96:10). ജീവനുള്ള ദൈവത്തിന്റെ കയ്യിൽ വീഴുന്നതു ഭയങ്കരമെന്നു പറഞ്ഞിരിക്കുന്നു. എങ്കിലും നമ്മുടെ രക്ഷിതാവും കരുണയുള്ളവനുമായ കർത്താവ് നീതിയോടെ വിധി പ്രസ്താവിക്കുന്നവനാണ് എന്നത് എത്ര ആശ്വാസകരമാണ് (എബ്രായർ 10:31; 2പത്രൊസ് 3:9).

## നേരുള്ള വിധി അവൻ തന്റെ പുത്രനു നല്കിയിരിക്കുന്നു

സത്യത്തിൽ നിന്നും നീതിയിൽ നിന്നും അല്പം പോലും താഴാത്ത ഒരു ന്യായവിധിയായിരിക്കും ദൈവപുത്രനായ ക്രിസ്തു നടത്തുക. അതു മറച്ചു വയ്ക്കാതെ പഠിപ്പിക്കയും ചെയ്തിട്ടുണ്ട്. "എല്ലാവരും പിതാവിനെ ബഹുമാനിക്കുന്നതു പോലെ പുത്രനേയും ബഹുമാനിക്കേണ്ടതിനു പിതാവു മൂവരേയും ന്യായം വിധിക്കാതെ ന്യായവിധി എല്ലാം പുത്രനു കൊടുത്തിരിക്കുന്നു (യോഹന്നാൻ 5:22). വീണ്ടും അവൻ തന്റെ ഉപദേശത്തിൽ ഓർമ്മിപ്പിക്കുന്നതു: എനിക്കു സ്വതേ ഒന്നും ചെയ്‌വാൻ കഴിയുന്നതല്ല; ഞാൻ കേൾക്കുന്നതു പോലെ ന്യായം വിധിക്കുന്നു. ഞാൻ എന്റെ ഇഷ്ടമല്ല, എന്നെ അയച്ചവന്റെ ഇഷ്ടമത്രേ ചെയ്‌വാൻ ഇച്ഛിക്കുന്നതുകൊണ്ട് എന്റെ വിധി നീതിയുള്ളതാകുന്നു എന്നത്രേ (യോഹന്നാൻ 5:30). അവന്റെ വിധി ഏകപക്ഷീയമായിരിക്കില്ല. ആ വിധിയുടെ രൂപത്തെക്കുറിച്ച് ക്രിസ്തു വെളിപ്പെടുത്തിയിരിക്കുന്നതു "ഞാൻ വിധിച്ചാലും ഞാൻ ഏകനല്ല, ഞാനും എന്നെ അയച്ച പിതാവും കൂടെയാകയാൽ എന്റെ വിധി സത്യമാകുന്നു (യോഹന്നാൻ 8:16). നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല; പാപം ഒഴികെ സർവ്വത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രേ (എബ്രായർ 4:15). മനസലിവുള്ള ,സ്നേഹവാനായ ഒരു രക്ഷകന്റെ വിധിയായിരിക്കും അവനെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുന്ന സത്യസന്ധരായ ആളുകൾക്ക് ഉണ്ടാവുക.

## ക്രിസ്തുവിനെ ഒരു ന്യായാധിപതിയായി തിരിച്ചറിയുവാൻ പൌലൊസിനു കഴിഞ്ഞു

പൌലൊസ് അഥേനയിലെ അരയോപഗ മദ്ധ്യേ നിന്നു കൊണ്ടു പ്രസംഗിച്ചതു: "താൻ നിയമിച്ച പുരുഷൻ മുഖാന്തരം ലോകത്തെ നീതിയിൽ ന്യായം വിധിപ്പാൻ അവൻ ഒരു ദിവസത്തെ നിശ്ചയിച്ചു. അവനെ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേല്പിച്ചതിനാൽ എല്ലാവർക്കും അതിന്റെ ഉറപ്പു നല്കിയുമിരിക്കുന്നു (പ്രവൃത്തി 17:31). ദൈവ പുത്രന്റെ നീതിന്യായ വ്യവസ്ഥയെ നാം അംഗീകരിക്കണമെന്ന മാററമില്ലാത്ത സത്യത്തെയാണ് നമുക്ക് കാണിച്ചു തന്നിരിക്കുന്നതു. അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിനു തക്കവണ്ണം പ്രാപിക്കേണ്ടതിന്നു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പാകെ വെളിപ്പെടേണ്ടതിനാകുന്നു (2കൊരിന്ത്യർ 5:10). എല്ലാവരും അഭിമുഖീകരിക്കേണ്ട വിചാരണയാണതു. മനുഷ്യ പുത്രൻ തന്റെ തേജസ്സോടെ സകല വിശുദ്ധന്മാരുമായി വരുമ്പോൾ അവൻ തന്റെ തേജസ്സിന്റെ സിംഹാസനത്തിൽ ഇരിക്കും (മത്തായി 25 31). ക്രിസ്തുവിനെക്കുറിച്ച് പത്രൊസ് രേഖപ്പെടുത്തിയിരിക്കുന്നതും ഇതിനോടനുബന്ധിച്ച് ചിന്തിക്കേണ്ടിയിരിക്കുന്നു. ജീവികളെയും മരിച്ചവരേയും ന്യായം വിധിപ്പാൻ ഒരുങ്ങിയിരിക്കുന്നവൻ എന്നു പറഞ്ഞിരിക്കുന്നു (1പത്രൊസ് 4:5). പൌലൊസ് തിമൊഥെയോസിനു എഴുതുമ്പോഴും ന്യായവിസ്താരത്തിന്റെ ഗൌരവം എടുത്തു പറയുന്നുണ്ട്. ജീവികൾക്കും മരിച്ചവർക്കും ന്യായ വിസ്താരം നടത്തുവാനുള്ള ക്രിസ്തു യേശുവിനെ സാക്ഷീകരിച്ച് സത്യം ചെയ്ത് പറയുകയാണ് (2തിമൊഥെയോസ് 4:1). ആ ദിവസം ഒഴിവുകഴിവില്ല, യാചനയില്ല, വിലപേശലില്ല, നിഷ്പക്ഷമായ വിധിയായിരിക്കും, അത നല്ലതും നേരുള്ളതുമായിരിക്കും.

★

(ശേഷം അടുത്ത ലക്കത്തിൽ)

കവിത

# കരിന്തിരി

**E. K. കുഞ്ഞുകുഞ്ഞ്, തേപ്പുപാറ**

നല്ലൊലിവെണ്ണയെ നല്ലപോൽ പാലിച്ചു,
കുത്തുവിളക്കിൽ കുറയാതൊഴിക്കിലും,
ദീപം തെളിക്കുന്ന നൽതിരിയെപ്പോഴും,
കത്തിയെരിയുമെ ശോഭ പകരുമേ.

ബോധനം കേട്ടാലും ബോധം വഴിയാകില്ല,
കേട്ടതോ ഉള്ളിൽ പതിയണമെന്നുമേ,
യാഗം കഴിക്കുകിലോർക്കുക സോദരാ
ശ്രദ്ധ വിടാതെ നീ ഓടിത്തുടങ്ങുക,

പത്രങ്ങളിലൊന്നു കരിന്തിരിയായതു
എണ്ണയില്ലാത്ത കുറവെന്നു ചൊല്ലുമോ?
അങ്ങനെയായെങ്കിൽ വെട്ടിക്കുറയ്ക്കുമോ
കൊള്ളി പുകയും പോൽ തട്ടിക്കളയുമോ

മണ്ണിൽ ജനിച്ചുള്ള മാനവനത്രയും,
മണ്ണോടു മണ്ണായ് മറയുമതു നിശ്ചയം,
ഭാരം പെരുത്തുള്ള പാരിലെ മർത്യരെ,
മൃത്യു വിഴുങ്ങുന്നു മിനിട്ടുതോറുമേ.

ഉള്ളിലെ പുത്തിരി നെയ്ത്തിരി കത്തുവാൻ,
ഉള്ളിലിരിപ്പു കളയണം കൂട്ടരേ,
വിനയം പഠിക്കാതെ കാര്യം ഗ്രഹിച്ചാൽ,
ചൊല്ലിക്കൊടുക്കുകിലർത്ഥമതില്ലയേ.

കുഞ്ഞാടു കൂവിതെളിയും പതുക്കവേ,
തിന്നു മതിക്കും വളരും പതുക്കവേ,
എങ്കിലും ഒന്നുണ്ടു സൂക്ഷിച്ചുകൊള്ളേണം,
കരിന്തിരിയാകാതെ കാക്കുമാറാകണം.

★

# രക്ഷാ ദിവസം

## തോമസ് മാത്യു

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

മാത്രവുമല്ലാ, അവരിലധികം പേരും, ദൈവമക്കളായി തീർന്നിട്ടില്ലതാനും, രക്ഷിക്കപ്പെടുന്നതിനെ സംബന്ധിച്ച് മുകളിൽ വിവരിച്ച നാല് പിരിവുകളിലും ''പ്രസ്തുത'' വിഷയം ക്രിസ്തുവിനോട് ബന്ധപ്പെടുത്തി പറഞ്ഞിരിക്കുന്നത് ശ്രദ്ധേയമാണ്. യേശുവിന്റെ നാമത്തിൽ-യേശുവിൽ വിശ്വസിച്ച്, യേശുക്രിസ്തുവിനെ ഏറ്റുപറഞ്ഞ്, യേശുവിന്റെ നാമത്തിൽ സ്നാനം ഏൽക്കുക, യേശുവിനോടു ചേരുക.

## തീരുമാനം എടുക്കുമ്പോൾ പരിശോധന കൂടുന്നു

(ദാനി: 3:17)

''അനേകർ തീരുമാനങ്ങൾ എടുക്കാറുണ്ട്. ദൈവസന്നിധിയിലും അല്ലാതെയും. എന്നാൽ അപ്പോഴെല്ലാം പരിശോധന കൂടാറുണ്ട്. ഇത് ഒരു യാഥാർത്ഥ്യമാണെന്ന് അനേകർ സമ്മതിക്കും. ചിലർ ദൈവസന്നിധിയിൽ തീരുമാനങ്ങൾ എടുക്കും. എന്നാൽ ശോധന കൂടുമ്പോൾ എടുത്ത തീരുമാനത്തിൽ നിന്നും വ്യതിചലിച്ചുപോകും. മദ്യം എടുക്കുകയില്ലാ എന്നു തീരുമാനിക്കുമ്പോൾ പരീക്ഷണങ്ങൾ ഒന്നിനു പുറകെ ഒന്നായി വരും. നാവുകൊണ്ട് മറ്റൊരാളെ ദു:ഖിപ്പിക്കുകയില്ല എന്ന തീരുമാനം എടുക്കും. അനേകർക്ക് അതു പാലിക്കാൻ കഴിയാതെയിരിക്കുന്നതും നാം കാണുന്ന ഒരു യാഥാർത്ഥ്യം ആണ്. എന്നാൽ തീരുമാനത്തിൽ നിലകൊള്ളുന്ന ധാരാളം പേരേയും ആത്മീയ മണ്ഡലത്തിൽ കാണുവാൻ കഴിയും.'' ഉദാ: ശദ്രക്ക്, മേശക്ക്, അബേദ്നെഗോ എന്നിവരുടെ തീരുമാനങ്ങൾ (ദാനി 3:17-18, വാക്യങ്ങളിൽ കാണുവാൻ കഴിയും.'' അത് ഇപ്രകാരമാണ്.

''ഞങ്ങൾ സേവിക്കുന്ന ദൈവത്തിനു ഞങ്ങളെ വിടുവിപ്പാൻ കഴിയുമെങ്കിൽ അവൻ ഞങ്ങളെ എരിയുന്ന തീച്ചൂളയിൽ നിന്നും രാജാവിന്റെ കൈയ്യിൽ നിന്നും വിടുവിക്കും.'' അല്ലെങ്കിലും, രാജാവു നിർത്തിയ സ്വർണ്ണബിംബത്തെ നമസ്ക്കരിക്കയില്ല,'' രാജാവും രാജ്യത്തിലുള്ളവരും ''സത്യ'' ദൈവാരാധനയ്ക്കു എതിരായി തീരുകയും, ''രാജാവു നിർത്തിയ സ്വർണ്ണബിംബത്തെ നമസ്ക്കരിക്കാത്തവരെ, ''തീച്ചൂളയിൽ''- ഇട്ടുകളയും എന്ന രാജാവിന്റെ കല്പന ഉണ്ടാകയും ചെയ്തപ്പോൾ ശദ്രക്ക് മേശക്ക്, അബേദ്നെഗോ: ഇവർ ഒരു വലിയ തീരുമാനം എടുത്തു.

''എന്നാൽ'' ഉടനെ ഉണ്ടായ ഫലമോ- ഏഴു മടങ്ങ് ചൂടുകൂടിയ തീച്ചൂളയിൽ തീരുമാനം എടുത്തവരെ ഇടുവാൻ രാജാവിന്റെ മഹാബലവാന്മാർ തയ്യാറായി; ബാബിലോന്യാ കയറുകളാൽ അവർ കെട്ടപ്പെടുകയും ചെയ്തു. നോക്കുക! തീരുമാനം എടുത്തപ്പോൾ പരിശോധന കൂടി. അവരുടെ ദൈവവിശ്വാസത്തിന്, കോട്ടം തട്ടുവാൻ സാഹചര്യം ഉണ്ടായപ്പോൾ പ്രതികൂലമായി നിന്ന മഹാരാജാവിനെ അവർ പേരുവിളിച്ചു വെല്ലുവിളിച്ചു (ദാനി3:16).

''അവരുടെ ദൈവവിശ്വാസം'' അവരുടെ തീരുമാനത്തിൽ കൂടി കാണുവാൻ കഴിയും (ദാനി 3:16-17). ദൈവത്തിന്റെ കഴിവ് അനുസരിച്ച് ഞങ്ങൾക്ക് ചെയ്തു തരും എന്ന് അവർ വിശ്വസിച്ചു. ദൈവത്തിനു വിടുവിപ്പാൻ കഴിയുമെങ്കിൽ...വിടുവിക്കും. അവർ സേവിക്കുന്ന ദൈവത്തിന്റെ കഴിവിനെ കുറിച്ച് അവർക്ക് വലിയ വിശ്വാസം ഉണ്ടായിരുന്നു, മാത്രമല്ല അവർ സേവിക്കുന്ന ദൈവത്തിനു വേണ്ടി ''മരിക്കുവാൻ'' അവർ തയ്യാറായപ്പോൾ ''അവരെ'' ജീവിപ്പിക്കുവാനും കർത്താവു അവർക്കു വേണ്ടി ''തീച്ചൂളയിലേക്ക് ഇറങ്ങി വന്നു''. ഇന്നും വചനത്തിൽ നിലനിന്നു കർത്താവിനു വേണ്ടി മരിക്കുവാൻ ആര് തയ്യാറാകുമോ അവരെ നിലനിർത്തുവാൻ ഇന്നു കർത്താവ് പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു.

## 1 തൻെറ മക്കൾക്കുള്ള തീയുടെ ചൂടിനെ കർത്താവു ഏറെറടുത്തു

തീരുമാനമെടുത്ത ശദ്രക്ക്, മേശക്ക്, അബേദ്നെഗോവിൻെറ തീയുടെ ചൂടിനെ കർത്താവ് ഏറെറടുത്തു. ഇതു പോലെ എവിടെ ഏതു വ്യക്തിയായാലും കർത്താവിനാ ഹൃദയത്തിൽ സ്ഥാനം കൊടുത്തു കർത്താവിനോടുള്ള തീരുമാനത്തിൽ നിലകൊള്ളുന്ന ദൈവ മക്കളുടെ ന്യായ വിധിയാകുന്ന "തീ" കർത്താവു കാൽവരിയിൽ മരണം വരിച്ചിരിക്കുന്നതു കൊണ്ട് ഇപ്പോൾ ക്രിസ്തു യേശുവിൽ ഉള്ളവർക്ക് യാതൊരു ശിക്ഷാവിധിയും ഇല്ല (റോമ: 8:1). കാരണം, യഹോവ തൻെറ മക്കളെ വിടുവിക്കേണ്ടതിനു ഈ ലോകത്തിലേക്കു കടന്നു വന്നു. തീച്ചൂളയുടെ ചൂടു ഏറെറടുത്തു വിടുവിക്കുന്നതു തന്നെ. നമ്മെ രക്ഷിപ്പാൻ ഏതൊരു വ്യക്തികൾക്കോ, തത്വസംഹിതകൾക്കോ സാധിക്കാതെയിരുന്നപ്പോൾ സത്യദൈവവും നിത്യ ജീവനും ആയ കർത്താവു നമ്മുടെ ശിക്ഷ സ്വയം കാൽവറിയിൽ വഹിച്ചതിനാൽ സന്തോഷിക്കാം.

## 2 തൻെറ മക്കളുടെ ബന്ധനമായ ബാബിലോന്യ കയർതീയുടെ കാഠിന്യം നിമിത്തം വെന്തുപോയി

നാം പലപ്പോഴും, പരിശോധനയാകുന്ന തീയിൽ കൂടി പോകാറുണ്ട്. എന്തുകൊണ്ട്? എന്തിനായി?- നമ്മിൽ നിന്നും ശത്രുവിൻേറതായ ബന്ധനങ്ങൾ നീങ്ങേണ്ടതിനായി മാത്രമല്ല നാം തീയിൽ കൂടി പോകുന്നത്, ദൈവഹിതമാകയാലും തന്നെ ശദ്രക്ക്, മേശക്ക്, അബേദ്നെഗോ ഇവരുടെ കയറുകളും കെട്ടുകളും തീയിൽ ആയി തീർന്നപ്പോൾ മാറിയതുപോലെ നമ്മുടെ ജീവിതത്തിൽ നിന്നും നീങ്ങേണ്ട കൂറവുവശങ്ങളും ബലഹീന അവസ്ഥകളും വെന്തു നീങ്ങുവാൻ തീച്ചൂള തന്നെ ആവശ്യമാണ്.

എന്നാൽ കഷ്ടങ്ങളിൽ ഏററവും അടുത്ത തുണയായി (സങ്കീ 46:1). കൈവിടാതെ അവൻ കൂടെയുള്ളതിനാൽ ഒരിക്കലും നശിച്ചു പോകയില്ല. തീച്ചൂളയിൽ കൂടി

കടന്നു പോയ തൻെറ മക്കളുടെ തലമുടി കരിയാതെ ബാബിലോന്യ കയറിനെ കത്തിച്ച കർത്താവിനെ "നമ്മെ ഏതു ശോധനയിലും, കേടു കൂടാതെ സൂക്ഷിക്കുവാൻ കഴിയുമെന്ന് പഠിപ്പിക്കുന്നുണ്ട്." നിങ്ങളുടെ തലയിലെ രോമവും എല്ലാം എണ്ണപ്പെട്ടിരിക്കുന്നു (മത്തായി 10:30). തീച്ചൂളയിൽ വീഴുന്നതിനു മുൻപ് തലമുടിയുടെ എണ്ണം തീച്ചൂളയിൽ കൂടി കടന്നപ്പോഴും കുറഞ്ഞില്ലാ എന്നും തിട്ടപ്പെടുത്തിയിരിക്കുന്നു." സങ്കീർത്തനക്കാരനോടുകൂടെ ചേർന്നു "യഹോവ നല്ലവനെന്ന് രുചിച്ചറിയുവിൻ, അവനെ ശരണം പ്രാപിക്കുന്ന പുരുഷൻ ഭാഗ്യവാൻ എന്ന് അവർക്കും പറയുവാൻ കഴിയും."

## 1 കൃപയാൽ രക്ഷിക്കപ്പെടുന്നു (എഫെ 2:8)

കൃപ എന്നതോ ക്രിസ്തുവിൽ കൂടെ മാത്രം. ഈ യുഗത്തിൽ സകല മനുഷ്യർക്കും ദൈവം ദാനമായി നൽകുന്ന ഒന്നു തന്നെ. തന്മൂലം ഈ നാളിനെ "കൃപായുഗം" എന്നു പറഞ്ഞു വരുന്നു. കൃപയ്ക്കാണ് ഈ കാലത്തു സ്ഥാനം, കൃപയാൽ രക്ഷിക്കപ്പെടുന്നവർ "കൃപയിൽ നിലനില്ക്കുന്നു (റോ 5:2). കൃപയിൽ വളരുന്നു; ഒരു വിശ്വാസി ഈ വിധമായ ദൈവകൃപയുടെ സംരക്ഷണയിലായിരിക്കവെ വ്യവസ്ഥയെ ത്യജിച്ച് വിശ്വാസം ത്യജിച്ചാൽ കൃപയിൽ നിന്നും വീഴുകയും "ക്രിസ്തുവിൽ നിന്ന്, അകന്ന് പോകയും ചെയ്യുന്നതാണ്" (ഗലാ 5:4).

## 2 വിശ്വാസത്താൽ നീതീകരിക്കപ്പെടുന്നു (റോ5:1 എഫെ 8:2)

ഏതു വിശ്വാസത്താലാണ് രക്ഷിക്കപ്പെടുന്നത്? "ക്രിസ്തു" യേശുവിലെ വിശ്വാസത്താൽ തന്നെ (ഗലാ-3:26-റോമ 3:21). ഒരുവൻ ഏതൊന്നു വിശ്വസിച്ചാലും അത് അവൻെറ രക്ഷയ്ക്ക് നിദാനമായിരിക്കും എന്നു വിചാരിച്ചാൽ അത് സർവ്വ അബദ്ധമായിരിക്കും.

★

(ശേഷം അടുത്ത ലക്കത്തിൽ)

# ദാവീദിൻെറ സിംഹാസനത്തിന്മേൽ ക്രിസ്തു വാഴുന്നു

**D. തർമൻ**

(കഴിഞ്ഞ ലക്കത്തിൻെറ തുടർച്ച)

ഈ പ്രവചനം അനുസരിച്ച് സിംഹാസനത്തിൽ ഇരിക്കുവാനുള്ളവൻ യെഹൂദാ ഗോത്രത്തിൽ നിന്നുമായിരിക്കും എന്നു വ്യക്തം. യാക്കോബ് മരിക്കുന്നതിനു മുൻപ് ഈ വാഗ്ദാനം മറെറാരു പ്രവാചകനിൽ കൂടെ കൊടുക്കയും ചെയ്യുന്നുണ്ട്. "യഹോവയുടെ അരുളപ്പാട്: ഞാൻ ദാവീദിനു നീതിയുള്ളോരു മുളയായവനെ ഉത്ഭവിപ്പിക്കുന്ന കാലം വരും; അവൻ രാജാവായി വാണു ബുദ്ധിയോടെ പ്രവർത്തിച്ചു ദേശത്തു നീതിയും ന്യായവും നടത്തും. അവൻെറ കാലത്തു യഹൂദാ രക്ഷിക്കപ്പെടും. യിസ്രായേൽ നിർഭയമായി വസിക്കും. അവനു യഹോവ നമ്മുടെ നീതി എന്നു പേർ പറയും(യിരെമ്യാവ് 23:5-6).

രാജാവിൻെറ സ്വപ്നം വ്യാഖ്യാനിച്ചു കൊടുത്ത ശേഷം ദാനിയേൽ പറയുകയുണ്ടായി: ഈ രാജാക്കന്മാരുടെ കാലത്തു സ്വർഗ്ഗസ്ഥനായ ദൈവം ഒരു നാളും നശിച്ചു പോകാത്ത ഒരു രാജത്വം സ്ഥാപിക്കും; ആ രാജത്വം വേറെ ഒരു ജാതിക്കു ഏല്പിക്കപ്പെടുകയില്ല. അതു ഈ രാജത്വങ്ങളെ (റോമാസാമ്രാജ്യം) ഒക്കെയും തകർത്തു നശിപ്പിക്കയും എന്നേക്കും നിലനില്ക്കയും ചെയ്യും (ദാനിയേൽ 2:44). ദൈവദൂതൻ ഇതു മറിയക്കു വെളിപ്പെടുത്തികൊടുക്കുന്നുണ്ട് "ദൂതൻ അവളോടു: മറിയയേ, ഭയപ്പെടേണ്ട; നിനക്കു ദൈവത്തിൻെറ കൃപ ലഭിച്ചു. നീ ഗർഭം ധരിച്ചു ഒരു മകനെ പ്രസവിക്കും അവനു യേശു എന്നു പേർ വിളിക്കേണം അവൻ വലിയവൻ ആകും: അത്യുന്നതൻെറ പുത്രൻ എന്നു വിളിക്കപ്പെടും; കർത്താവായ ദൈവം അവൻെറ പിതാവായ ദാവീദിൻെറ സിംഹാസനം അവനു

കൊടുക്കും. അവനു യാക്കോബ് ഗൃഹത്തിനു എന്നേക്കും രാജാവായിരിക്കും: അവന്റെ രാജ്യത്തിനു അവസാനം ഉണ്ടാകയില്ല (ലൂക്കൊസ് 1: 30-33).

## രാജ്യമെന്ന ചോദ്യത്തെ യേശു നേരിട്ടു

പഴയ നിയമത്തിൽ പ്രവചിച്ചിരുന്ന ആ രാജാവ് യേശുവാണെന്നു പൂർണ്ണമായും അറിഞ്ഞ കർത്താവ് വരുവാനുള്ള ആ രാജ്യത്തെ പ്രസ്താവിക്കയുമുണ്ടായി. "കാലം തികഞ്ഞു ദൈവരാജ്യം സമീപിച്ചിരിക്കുന്നു; മാനസാന്തരപ്പെട്ടു സുവിശേഷത്തിൽ വിശ്വസിപ്പിൻ എന്നു പറഞ്ഞു" (മർക്കൊസ് 1:15). ദർശിക്കാവുന്ന ആ രാജ്യത്തിന്റെ വരവ് അന്നത്തെ പ്രസംഗത്തിലെ മുഖ്യ വിഷയമായിരുന്നു. അന്നത്തെ പ്രഖ്യാപനം "സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ എന്നായിരുന്നു (മത്തായി 3:1-2). കർത്താവിന്റെ നാമത്തിൽ വരുന്ന രാജാവു വാഴ്ത്തപ്പെട്ടവൻ; സ്വർഗ്ഗത്തിൽ സമാധാനവും അത്യുന്നതങ്ങളിൽ മഹത്വവും എന്നു പറഞ്ഞു (ലൂക്കൊസ് 19:38. ഇതു സങ്കീർത്തനം 118:26 നിറവേറുന്നതാണ്). അവന്റെ ഉപദേശത്തെ മനസിലാക്കിയ യഹൂദന്മാർ നല്കിയ വിവരണം ഈ വസ്തുതയെ തീർച്ചയാക്കുന്നു (ലൂക്കൊസ് 23:2).

ആളുകളെ അവൻ പഠിപ്പിച്ചിരുന്ന സമയത്തു തന്നെ അടിസ്ഥാന പ്രസ്ഥാനം അവനിൽ വെല്ലുവിളി ഉയർത്തിയിരുന്നു. അവർ വന്നു തന്നെ പിടിച്ചു രാജാവാക്കുവാൻ ഭാവിക്കുന്നു എന്നു യേശു അറിഞ്ഞിട്ടു പിന്നെയും തനിച്ചു മലയിലേക്കു വാങ്ങിപ്പോയി (യോഹ. 6:15). യേശുവിന്റെ യെരുശലേമിലേക്കുള്ള വിജയ പ്രവേശനം സെഖര്യാവ് 9:9 നിറവേറുന്നതായി തെളിയുന്നു. ഈ രാജ്യത്തിന്റെ യഥാസ്ഥാന കാലത്തെ കുറിച്ചുള്ള ചോദ്യത്തിനും യേശു ദൈവാധികാരത്തെ എടുത്തു കാണിക്കുന്നുണ്ട്.

★

# ദൈവത്തിന്റെ വിശുദ്ധന്മാർ

ഈ ലോകത്തിൽ ജീവിക്കുന്ന മനുഷ്യരെല്ലാം പൊതുവിൽ അവന്റെ സന്താനങ്ങളാണ്. പക്ഷേ പിതൃത്വത്തെ മാനിക്കാതെ സ്വന്ത ഇഷ്ടങ്ങൾക്കു മാന്യത കല്പിച്ച് ജീവിക്കുന്ന എണ്ണമററ ആളുകൾ ഈ ഭൂമുഖത്ത് ഉണ്ട്. അവരുടെ ജീവിത രീതികൾ വെളിപ്പെടുത്തുന്ന യാഥാർത്ഥ്യം അവർ ദൈവത്തിന്റെ ആരുമല്ല എന്നതാണ്. അവിശ്വാസികൾ എന്ന പേരിൽ അറിയപ്പെടുന്നവരുണ്ട്; പേരിൽ മാത്രം വിശ്വാസം സ്വീകരിച്ചിരിക്കുന്നവർ ഉണ്ട്. പക്ഷേ ഇതിൽ നിന്നെല്ലാം വിഭിന്നമായി ഏതാനും ആളുകൾ ദൈവത്തെ പരിജ്ഞാനത്തിൽ ഗ്രഹിച്ച് അവനെ സ്നേഹിച്ച് അനുസരിച്ച് ജീവിക്കുന്നവരായിട്ടുണ്ട്. അവരെ ദൈവം അംഗീകരിക്കുന്നതായി കാണാം. മറിച്ച് ജീവിക്കുന്നവരെ ദൈവം തള്ളിക്കളഞ്ഞിരിക്കുന്നു എന്നു പറയാം. അതിനു ദൈവത്തെ ആരും പഴിച്ചുകൂടാ. മനുഷ്യൻ തന്നെയാണ് അതിനു ഉത്തരവാദി.

മനുഷ്യർ മനുഷ്യരെ വിശുദ്ധരായി പ്രഖ്യാപിച്ചാൽ അവർ ദൈവസന്നിധിയിൽ വിശുദ്ധരാകുന്നില്ല. മനുഷ്യനെ വിശുദ്ധീകരിപ്പാൻ ദൈവത്തിനാണ് കഴിയുന്നതു. ദൈവമുൻപാകെയാണ് നാം വിശുദ്ധരായി തീരേണ്ടതും. ആദ്യമായി, വിളിക്കപ്പെട്ടവരാണ് വിശുദ്ധന്മാർ. ദൈവവിളിയാണ് ഇവിടെ ഉദ്ദേശിക്കുന്നതു. ദൈവം ഇന്നു നേരിട്ട് ആരെയും വിളിക്കാതെ സുവിശേഷത്താലത്രേ ഇതു സാദ്ധ്യമാകുന്നതു (2 തെസ്സലോനിക്യർ 2:4). അതുകൊണ്ടാണ് ദൈവരാജ്യത്തിന്റെ സുവിശേഷം സകല ജാതികളോടും പ്രസംഗിക്കുവാൻ കർത്താവ് ശിഷ്യന്മാർക്കു നിർദ്ദേശം നല്കിയതു (മത്തായി 28:18-19). പുതിയ നിയമ എഴുത്തുകാരെല്ലാം തങ്ങളുടെ ലേഖനങ്ങളിൽ ഓരോ പ്രദേശത്തുമുള്ള കർത്താവിന്റെ സഭയിലെ അംഗങ്ങളെ സംബോധന ചെയ്യുന്നതു വിളിക്കപ്പെട്ടവർ,

വിശുദ്ധന്മാർ എന്നാണ്. ദൈവ വചനം സത്യമാണ്: സത്യത്താൽ അപ്പൊസ്തലന്മാരെ വിശുദ്ധീകരിക്കേണ്ടതിനു യേശു അവസാനമായി പ്രാർത്ഥിക്കുന്നുണ്ട് (യോഹന്നാൻ 17:17). വചനം എങ്ങനെ ശുദ്ധീകരിക്കും എന്നു ചോദിച്ചേക്കാം. ഹൃദയത്തിൽ പകരുന്ന വചനം നിമിത്തം അവിടെ കടന്നുകൂടിയ അഴുക്കുകൾ നീക്കം വരുന്നു. അതിനാണ് പുതിയ നിയമം വ്യക്തികളുടെ മനസ്സിലും ഹൃദയത്തിലും എഴുതും എന്നു പറഞ്ഞിരിക്കുന്നതു.

ഇനി രക്തത്താലുള്ള ശുദ്ധീകരണം ഓരോ വ്യക്തിക്കും അനിവാര്യമാണ്. പാപത്തെ കഴുകി കളയുവാൻ ദൈവം വെച്ചിരിക്കുന്ന ഒരു ഘടകമാണ് നിയമ രക്തം. പുതിയ നിയമം രക്തത്താൽ ഉറപ്പു വരുത്തുകയും സകല മനുഷ്യർക്കുമായി നിത്യയാഗമായി തീരുകയും ചെയ്തു. ദൈവപുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1 യോഹന്നാൻ 1;7). ഇതു എങ്ങനെ സംഭവിക്കുന്നു എന്നു നോക്കാം. യേശുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവയോടു ഏകീഭവിക്കുന്നതു സ്നാനപ്പെടുന്നതിലൂടെയാണ് (റോമർ 6:1-4). അവിടെയാണ് ഒരാൾ യേശുവിന്റെ രക്തവുമായി ബന്ധപ്പെടുന്നതു. അപ്പോൾ ദൈവത്താലുള്ള വിശുദ്ധീകരണം നടക്കുന്നു. ഇതിനു മുൻപായി പാപങ്ങളെ ഉപേക്ഷിച്ച് മാനസാന്തരപ്പെടുകയും യേശു ദൈവ പുത്രനാണെന്നു ഏററു പറയുകയും വേണം. ഇതാണ് ദൈവവ്യവസ്ഥപ്രകാരമുള്ള ശുദ്ധീകരണം. സാമൂഹ്യ സേവനമോ, മനുഷ്യരുടെ പുകഴ്ച്ചയോ ദൈവത്തിന്റെ വ്യവസ്ഥയുടെ മുൻപിൽ പകരമാകുന്നില്ല.

നിങ്ങൾ ദൈവ വചന പ്രകാരം വിശുദ്ധീകരിക്കപ്പെട്ടില്ലെങ്കിൽ ഇന്നു തന്നെ അതിനായി ദൈവം പറഞ്ഞിരിക്കുന്ന മാർഗ്ഗം സ്വീകരിക്കുക. അതിനായി നിങ്ങളുടെ ചിന്താഗതികളെ രൂപപ്പെടുത്തുക. നിത്യരക്ഷയും വീണ്ടെടുപ്പും ഉറപ്പു വരുത്തുവാനുള്ള അവസരം ഇപ്പോഴാണ്.

★

സ്ത്രീകൾക്കു വേണ്ടി

# അവളുടെ മക്കളിന്മേൽ അവളുടെ ശക്തി

ബെററി B. C.

നമുക്കറിയാം മക്കൾ ദൈവം തരുന്ന ദാനവും പ്രതിഫലവുമാണ്. പക്ഷെ അവരോടുള്ള കർത്തവ്യം അവരെ ജനിപ്പിക്കുന്ന മാതാപിതാക്കളിൽ എത്രമാത്രം അനുയോജ്യമായി തീരാറുണ്ട്? റാഹേൽ തന്റെ ഭർത്താവായ യാക്കോബിനോടു ആവശ്യപ്പെട്ടത് ഈ സന്ദർഭത്തിൽ മനസിലാക്കുന്നത് ഉചിതമായിരിക്കും. "താൻ യാക്കോബിനു മക്കളെ പ്രസവിക്കുന്നില്ല എന്നു റാഹേൽ കണ്ടു തന്റെ സഹോദരിയോടു: എനിക്കു മക്കളെ തരേണം; അല്ലെങ്കിൽ ഞാൻ മരിച്ചു പോകും എന്നു പറഞ്ഞു (ഉല്പത്തി. 30 :1). തന്റെ സഹോദരി അവളുടെ കുഞ്ഞു കുട്ടികളുമായി ആനന്ദിക്കുന്നതു കണ്ടപ്പോൾ അവളുടേതായ ഒരു കുട്ടി ഉണ്ടായിരിക്കണമെന്ന് ആഗ്രഹിച്ചു പോയി. കൂടാതെ ഇടവിടാതെ ഒരു മകനു വേണ്ടി അവൾ പ്രാർത്ഥിക്കയും ചെയ്തു. "ദൈവം റാഹേലിനെ ഓർത്തു; ദൈവം അവളുടെ അപേക്ഷ കേട്ടു അവളുടെ ഗർഭത്തെ തുറന്നു. അവൾ ഗർഭം ധരിച്ചു ഒരു മകനെ പ്രസവിച്ചു. ദൈവം എന്റെ നിന്ദ നീക്കിക്കളഞ്ഞിരിക്കുന്നു എന്നു പറഞ്ഞു. യഹോവ എനിക്കു ഇനിയും ഒരു മകനെ തരുമെന്നു പറഞ്ഞു അവനു യോസേഫ് എന്നു പേരിട്ടു" (ഉല്പത്തി 30: 22-24).

ബെന്യാമീൻ ജനിക്കുമ്പോൾ യോസേഫിന് എത്ര വയസ് പ്രായമുണ്ടായിരുന്നു എന്നു നമുക്കറിഞ്ഞു കൂടാ. "എന്റെ സങ്കടത്തിന്റെ പുത്രൻ" എന്നർത്ഥമുള്ള ബെനോനി എന്നു അവനു പേരിട്ട ശേഷം റാഹേൽ മരിച്ചു

പോയി. യോസേഫിന്റെ മുൻ കാലങ്ങളിൽ അവനെ എങ്ങനെ പരിശീലിപ്പിച്ചു എന്നൊന്നും പ്രസ്താവിക്കപ്പെട്ടിട്ടില്ല. തിരുവചനത്തിൽ കൂടുതലായൊന്നും അതിനെക്കുറിച്ച് പറയുന്നില്ല. എന്നാൽ പിൽക്കാലത്തുള്ള അവന്റെ ജീവിതം ദൈവ ഭക്തിയിലുള്ളതായിരുന്നു എന്നു നമ്മെ പഠിപ്പിക്കുന്നുണ്ട്.

തന്റെ ഇഷ്ട സന്താനത്തോട് യാക്കോബ് ദൈവത്തെക്കുറിച്ച് പഠിപ്പിച്ചിരിക്കുമോ? തീർച്ചയായും അവൻ യോസേഫിനോടു മാത്രമല്ല, തന്റെ എല്ലാ മക്കളേയും അവൻ ദൈവത്തിന്റെ വൻകാര്യങ്ങളെ അഭ്യസിപ്പിച്ചിരിക്കും. കാരണം ദൈവം യാക്കോബിനോടു നേരിട്ടു സംസാരിച്ചിരുന്നല്ലോ. തന്റെ കുടുംബത്തെ എങ്ങനെ വളർത്തിക്കൊണ്ടു പോകണം എന്ന നിർദ്ദേശം ദൈവം അവനു കൊടുത്തിരുന്നു എന്നതിലും സംശയമില്ല. യുവാവ് ആയിരുന്നപ്പോഠം തന്റെ സഹോദരന്റെ കോപത്തിൽ നിന്നും ഒഴിഞ്ഞുമാറി ഓടിപ്പോയപ്പോഠം ബെഥേലിൽ വെച്ച് അവനുണ്ടായ സ്വപ്നം തീർച്ചയായും വിവരിച്ചിരിക്കും. അന്ന് അവിടെ അവൻ ഒരു കല്ല് എടുത്ത് തലയണയായി ഉപയോഗിച്ച് കിടക്കുകയായിരുന്നല്ലോ. ഏകാന്തമായ സ്ഥലത്തുവെച്ചായിരുന്നു ദൈവത്തിന്റെ ഈ പ്രവൃത്തി. അവൻ അവിടെ കിടന്നപ്പോഠം സ്വർഗ്ഗത്തേയും ഭൂമിയേയും ബന്ധിപ്പിക്കുന്ന കോവണി കാണുകയും ദൈവത്തിന്റെ മഹത്വമുള്ള ദൂതന്മാർ അതിന്മേൽ കൂടി കയറുകയും ഇറങ്ങുകയും ചെയ്യുന്നു. അതിന്മീതെ യഹോവ നിന്നു അരുളിച്ചെയ്തു. ഞാൻ നിന്റെ പിതാവായ അബ്രഹാമിന്റെ ദൈവവും യിസഹാക്കിന്റെ ദൈവവുമായ യഹോവ ആകുന്നു. നീ കിടക്കുന്ന ഭൂമിയെ ഞാൻ നിനക്കും നിന്റെ സന്തതിക്കും തരും (ഉല്പത്തി 28: 12- 13).

ഒരു പുരുഷനോടു താൻ രാത്രി മുഴുവൻ മല്ലിട്ടു ജയിച്ചപ്പോഠം തന്റെ കാലിനു മുടന്ത് ഉണ്ടായ വിവരവും അവൻ തന്റെ മക്കളോടു പറഞ്ഞിരിക്കും. ദൈവത്തോടും

മനുഷ്യരോടും മല്ലിട്ടു മത്സരിച്ചു ജയിച്ചതുകൊണ്ട് അവന്റെ പേർ യാക്കോബ് എന്നതിനു പകരം ഇസ്രായേൽ എന്നാക്കിമാററി. ദൈവം കൂടെയുള്ള പ്രഭു എന്നാണ് ആ വാക്കിന്റെ അർത്ഥം. ഈ നേരിടൽ അവന്റെ വിശ്വാസത്തെ പ്രബലമാക്കി. മുൻപോട്ടു ഗമിക്കുവാനും തന്റെ സഹോദരനെ നേരിടുവാനും അവനെ ഉത്തേജിപ്പിക്കയുമുണ്ടായി. പക്ഷേ ഇതിലെല്ലാം ദൈവം അവനോടുകൂടെയുണ്ടെന്നുള്ള പൂർണ്ണമായ ആശ്രയം അയിരുന്നു അവനെ നയിച്ചിരുന്നത്. ചോർന്നു പോകാത്ത ധൈര്യത്തിനു നിദാനവും മറെറാന്നായിരുന്നില്ല. ദൈവം തന്നെ ഏതു പ്രതിസന്ധിയിലും കാത്തു പരിപാലിക്കും എന്ന ഉറപ്പ് അവനിൽ ഉണ്ടായിരുന്നു. ഈ ഉറപ്പ് നാം നഷ്ടപ്പെടുത്തരുത്. ശൈശവ പ്രായത്തിൽ നിന്നു കൗമാരത്തിലേക്കു പ്രവേശിക്കുന്ന കുട്ടികൾ അവരുടെ മാനസികമായ വളർച്ചയുടെ ഘട്ടത്തിലാണ്. അപ്പോൾ അവർക്കു നല്കുന്ന പ്രോത്സാഹനവും ധൈര്യവും പ്രാധാന്യമർഹിക്കുന്നു. ഭയമകലുവാൻ, കർമ്മശേഷി വർദ്ധിപ്പിക്കുവാൻ അച്ഛനും അമ്മയും ശ്രമിക്കേണ്ട സാഹചര്യമാണിത്. അലക്ഷ്യമായി അവരുടെ സ്വന്തവഴിക്കു സ്വതന്ത്രമായി വിട്ടുകൊടുക്കുന്നത് പലപ്പോഴും ദോഷഫലങ്ങൾ ഉളവാക്കും, ആത്മീയ സ്വഭാവ രൂപീകരണം ഈ പ്രായത്തിൽ അത്യാവശ്യമാണ്. അതുകൊണ്ട് ബാലൻ നടക്കേണ്ട വഴിയിൽ അവനെ അഭ്യസിപ്പിച്ചാൽ വൃദ്ധനായാലും അതു വിട്ടുമാറുകയില്ല എന്നു നമ്മെ പ്രബോധിപ്പിച്ചിരിക്കുന്നു (സദൃശവാക്യം 22:6).

യോസേഫിന്റെയും അവന്റെ സഹോദരന്മാരുടേയും സ്വഭാവങ്ങളിലുള്ള അന്തരം ശ്രദ്ധിച്ചാൽ ചില കാര്യങ്ങൾ നമുക്കു ഗ്രഹിക്കാം. അതായതു ലേയയിലും ദാസിമാരിലും ജനിച്ച മക്കളിൽ ദൈവിക സ്വഭാവത്തിനു വലിയ പ്രാധാന്യം കൊടുക്കുന്നില്ല. എന്നാൽ അതിനു വിപരീതമായി യോസേഫിൽ കാണുന്ന സ്വഭാവ ശ്രേഷ്ടത എടുത്തു പറയാവുന്നതാണ്. വളരെക്കാലം മച്ചിയായിരുന്നപ്പോൾ വെറും കൈയ്യോടെ ദുഃഖിച്ചു കഴിഞ്ഞവളായിരുന്നു.

ഒരു മകനു വേണ്ടി സ്വപ്നം കണ്ട്, പദ്ധതി മനസ്സിൽ രൂപപ്പെടുത്തി കഴിച്ച ആ കാലമെല്ലാം ഓർക്കുമ്പോൾ അവളുടെ മാതൃത്വത്തിന്റെ ആത്മീയ ഉത്തരവാദിത്വം നിസ്സാരമായി കണ്ടു എന്ന് ഊഹിക്കാൻ പോലും സാദ്ധ്യമല്ല. യാക്കോബിന്റെ പിതൃത്വത്തിൽ ജനിച്ച പന്ത്രണ്ട് ആൺമക്കളിലും ഒരു മകളിലും ഒരാൾ മാത്രം ജീവിക്കുന്ന വിശ്വാസമുള്ളവനായി കാണുന്നു. അതു റാഹേലിൽ ജനിച്ചവനായിരുന്നു. അവന്റെ ജീവിതത്തിൽ ദൈവത്തിന്റെ പങ്ക് ശരിയായി മനസ്സിലാക്കിയാണ് അവൻ ജീവിച്ചത്. റാഹേൽ അവനെ അതു പഠിപ്പിച്ചിരുന്നു എന്നത് വ്യക്തം. അങ്ങനെ യോസേഫ് നേടിയ വിശ്വാസത്തിന്റെ പൂർണ്ണതയുടെ അധിക പങ്കും അവന്റെ അമ്മയിൽ നിന്നായിരുന്നു എന്നു പറയാം.

യാക്കൊബ്, താൻ സ്നേഹിച്ച തന്റെ ഭാര്യയായ റാഹേലിനു തന്റെ ഹൃദയം പകർന്നു കൊടുത്തു എന്നു മാനുഷിക സ്വഭാവമനുസരിച്ച് നമുക്കു മനസ്സിലാക്കാവുന്നതാണ്. ദൈവം അവനോടു സംസാരിച്ച ഓരോ വാക്കും വിശ്വാസത്തിലുള്ള ഓരോ വളർച്ചയും അവൻ അവളോടു പങ്കിട്ടു കാണും. പിന്നെ ഉറങ്ങുവാൻ പോകുന്നതിനു മുൻപ് കുട്ടിയായ യോസേഫ് അമ്മയായ റാഹേലിന്റെ മടിയിൽ കിടന്ന് കഥ പറയാൻ ആവശ്യപ്പെട്ടിരിക്കും. യാക്കൊബും റാഹേലും അലഞ്ഞു തിരിഞ്ഞു ചുററി മൈലുകളോളം ദൂരം യാത്ര ചെയ്യുന്നതിനിടയിൽ കുട്ടിയായ യോസേഫിന്റെ ശബ്ദം നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ. "അമ്മേ സ്വർഗ്ഗം വരെ എത്തുന്ന ആ കോവണിയുടെ കഥ ഒന്നു പറഞ്ഞുതരാമോ" "ഞാൻ നിന്നോടു കൂടെ ഇരുന്നു നിന്നെ സൂക്ഷിക്കും" എന്നു ദൈവം അപ്പനോടു പറഞ്ഞതിന്റെ അർത്ഥമെന്താണ്?

★

(ശേഷം അടുത്ത ലക്കത്തിൽ)

# പുരുഷൻ സഭയിൽ

ജെ. ഫ്രാൻസിസ്

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

പുരുഷൻ ഭാര്യയുടെ തലയാകുന്നു (1കൊരി: 11:3; എഫേ: 5:23). ഒരു ശരീരത്തിൽ തലയുടെ പ്രാധാന്യം എന്താണെന്നു നമുക്ക് എല്ലാവർക്കും അറിയാം. കൈയ്യോ, കാലോ ഇല്ലാത്ത എത്രയെത്ര ശരീരങ്ങൾ ഇന്നും ജീവിച്ചിരിക്കുന്നു, പ്രവർത്തിക്കുന്നു. എന്നാൽ തല ഇല്ലാത്ത ശരീരം ഏതാണ് ജീവിച്ചിരിക്കുന്നത്, പ്രവർത്തിക്കുന്നത്? ഒരു കുടുംബത്തിലും ഇതേ പ്രാധാന്യം പുരുഷനുണ്ട്. ഈ പ്രാധാന്യം പൂർണ്ണമായി അവൻ മനസ്സിലാക്കി സ്ത്രീയോടുകൂടി ഒത്തൊരുമിച്ചു ജീവിക്കുവാൻ കടപ്പെട്ടിരിക്കുന്നു.

ഭാര്യ ഭർത്താവിനെ ഭയപ്പെടേണ്ടതാകുന്നു (എഫേ: 5:32). ഇതു പുരുഷന്റെ ഏകാധിപത്യം അവളിൽ അടിച്ചേല്പിക്കുവാൻ ഉള്ളതാണെന്നു ചിലപ്പോൾ ചിന്തിച്ചേക്കാം. ഭയപ്പെട്ടു വിറച്ചു ജീവിക്കണമെന്നു പറയുന്നില്ല. ഭയപ്പെടണമെന്നു മാത്രമാണ് പറയുന്നത്. നാം ഭരണകർത്താക്കളെ ഭയപ്പെടുന്നു, സ്നേഹിക്കുന്നു, ബഹുമാനിക്കുന്നു. പുരുഷൻ കുടുംബമെന്ന രാജ്യത്തിലെ ഭരണാധികാരിയാണ് (ഉല്പ: 3:16). അപ്പോൾ അവനെ ഭയപ്പെടുകയും സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യേണ്ടതാണ്.

അവൻ മക്കളെ കോപിപ്പിക്കാതെ കർത്താവിന്റെ ബാലശിക്ഷയിലും പഥ്യോപദേശത്തിലും പോററി വളർത്തേണ്ടതാണ് (എഫേ: 6:4). ഇപ്രകാരം അവൻ കുഞ്ഞുങ്ങളെ വളർത്തണമെങ്കിൽ ആദ്യം അവൻ അതിൽ വളർന്നിരി

ക്കണം. അതിൽ വളരാത്തവനു ഒരിക്കലും അവൻെറ മക്കളെ അതിലൂടെ വളർത്തുവാൻ കഴിയുകയില്ല. ഈ കടമകളെല്ലാം പൂർണ്ണമായി ചെയ്യുവാൻ കഴിയുന്ന ഒരുത്തനു മാത്രമേ താൻ ഒരു പുരുഷനെന്നു അവകാശപ്പെടുവാൻ കഴിയുകയുള്ളൂ. അല്ലാത്തവൻ രൂപത്തിൽ പുരുഷനായിരിക്കാം. യഥാർത്ഥത്തിൽ എന്താണെന്നു അവൻ സ്വയം തീരുമാനിക്കട്ടെ.

ആദിമ നൂററാണ്ടിലെ ക്രിസ്തീയ പുരുഷന്മാരെ കുറിച്ചു നമുക്കു അല്പം ചിന്തിക്കാം. ക്രിസ്തു ജീവിച്ചിരുന്നപ്പോൾ പത്രോസ് മനുഷ്യരെ ഭയന്നു അവനെ തള്ളി പറഞ്ഞു. ക്രിസ്തു മരിച്ച് ഉയിർത്തെഴുന്നേററ് സ്വർഗ്ഗാരോഹണം ചെയ്തു. അവൻ കാര്യസ്ഥനായ പരിശുദ്ധാത്മാവിനെ അവരിലേക്കു അയച്ചു. പെന്തക്കൊസ്തു നാളിൽ അവർ പരിശുദ്ധാത്മാവ് നിറഞ്ഞവരായി. ലോകഭയം അവരെ വിട്ടുമാറി. സ്വർഗ്ഗീയ ധൈര്യം അവരിൽ ഉളവായി. അപ്പോൾ പത്രോസ് പതിനൊന്നു പേരോടുകൂടെ നിന്നുകൊണ്ടു ഉറക്കെ ജനത്തോടു സുവിശേഷം പ്രസംഗിച്ചു (അപ്പോ: 2: 14-41). കൂടി നിന്നവർ കേട്ടു. അന്നു മൂവായിരത്തോളം പേർ അവരോടു കൂടെ ചേർന്നു. പത്രോസും മററു അപ്പോസ്തലന്മാരും സുവിശേഷ പ്രചരണത്തിനായി സഹിച്ച കഷ്ടതകളും ത്യാഗങ്ങളും വളരെ ഏറെയാണ്.

ക്രിസ്ത്യാനികളെ ഒരുകാലത്തു പീഡിപ്പിച്ചുകൊണ്ടു നടന്ന ശൗൽ എന്ന പൗലോസ് സുവിശേഷ പ്രചരണത്തിനു ഇറങ്ങി തിരിച്ചപ്പോൾ അവൻ അനുഭവിച്ച കഷ്ടതകൾ ചില്ലറയൊന്നുമല്ല. അവൻെറ പ്രസംഗംകേട്ട അഗ്രിപ്പാ രാജാവ് അവനോടു; ഞാൻ ക്രിസ്ത്യാനിയായി തീരുവാൻ നീ എന്നെ അല്പംകൊണ്ടു സമ്മതിപ്പിക്കുന്നുവോ എന്നുപറഞ്ഞു. അതിനു അവൻ പറഞ്ഞ മറുപടി അവൻെറ ആഗ്രഹം വിളിച്ചറിയിക്കുന്നു. ഇന്നു എൻെറ

പ്രസംഗം കേൾക്കുന്നവർ എല്ലാവരും, അല്പം കൊണ്ടോ കട്ടെ അധികം കൊണ്ടാകട്ടെ ഈ ചങ്ങല ഒഴികെ എന്നെപ്പോലെ ആകണം എന്നു ഞാൻ ദൈവത്തോടു അപേക്ഷിക്കുന്നു (അ: പ്ര: 26: 28-29).

ക്രിസ്ത്യാനിയായി തീർന്ന സ്തെഫാനോസ് കൃപയിലും ശക്തിയിലും നിറഞ്ഞു. ആർക്കും അവനോടു ജ്ഞാനത്തിലും ആത്മാവിലും എതിർത്തു നില്പാൻ കഴിഞ്ഞില്ല. സുവിശേഷം അവൻ ജനത്തോടു ശക്തമായി പ്രസംഗിച്ചു. യഹൂദന്മാരുടെ കല്ലേറുകൊണ്ടുള്ള മരണം അവൻ സ്വീകരിച്ചു. അവന്റെ മുഖം ദൈവദൂതന്റെ മുഖം പോലെ തിളങ്ങി. സ്വർഗ്ഗം തുറന്നിരിക്കുന്നതു ഭൂമിയിൽ വെച്ചുതന്നെ അവൻ കണ്ടു. അവനു ലഭിച്ച ഭാഗ്യം എത്ര മഹത്തരമാണ് (അ: പ്ര: 6; 8-15; 7: 1-60). അവന്റെ മരണത്തോടുകൂടി ചിതറിപ്പോയ ക്രിസ്ത്യാനികൾ വചനം സുവിശേഷിച്ചുകൊണ്ട് അവിടവിടെ സഞ്ചരിച്ചു. അവർ വചനം സുവിശേഷിക്കുക മാത്രമല്ല, വചനം ജീവിതത്തിൽ പ്രവർത്തിച്ചു കാണിച്ചു. ദൈവം ധാരാളമായി അവരെ അനുഗ്രഹിച്ചു.

എന്നാൽ ക്രിസ്ത്യാനിയായിതീർന്ന അനന്യാസും സഫീറയും വചനം സുവിശേഷിച്ചതായിട്ടോ, ജീവിതത്തിൽ വചനം പ്രവർത്തിച്ചതായിട്ടോ കാണുന്നില്ല. പകരം അവർ തങ്ങളുടെ സുഖത്തിനായി പ്രവർത്തിച്ചു. ഭൂനിലത്തിന്റെ ഒരംശം അവർ മാറ്റി വെച്ചു. പത്രോസിനോടു കള്ളം പറഞ്ഞു. ഇതിലൂടെ അവർ ദൈവത്തെ കബളിപ്പിക്കുവാൻ ശ്രമിച്ചു. ഫലം അവരുടെ ഉടനെയുള്ള മരണം (അ: പ്ര: 5 : 1-11) ആയിരുന്നു.

ദൈവത്തിന്റെ ദാനം ആരും അന്ന് പണത്തിനായി വിററിരുന്നില്ല. അപ്പോസ്തലൻമാർ കൈവച്ചതിനാൽ പരിശുദ്ധാത്മാവു ലഭിച്ചതു ക്രിസ്ത്യാനിയായ ശീമോൻ കണ്ടാറെ അവർക്കു ദ്രവ്യം കൊണ്ടുവന്നു. ഞാൻ

ഒരുത്തൻെറ മേൽ കൈവച്ചാൽ അവനു പരിശുദ്ധാത്മാവു ലഭിപ്പാൻ തക്കവണ്ണം ഈ അധികാരം എനിക്കും തരേണമെന്നു അവൻ പത്രോസിനോടു ആവശ്യപ്പെട്ടു. പത്രോസ് ദ്രവ്യം വാങ്ങിച്ചുകൊണ്ടു ആ അധികാരം അവനു നൽകിയില്ല. ദൈവത്തിൻെറ ദാനം പണത്തിനു വാങ്ങിക്കൊള്ളാം എന്നു നീ നിരൂപിക്കകൊണ്ടു നിൻെറ പണം നിന്നോടുകൂടെ നശിച്ചു പോകട്ടെ എന്നു ശപിച്ചു (അ: പ്ര: 8: 18-21).

അന്നു വിശ്വസിച്ചവരുടെ കൂട്ടം ഏക മനസ്സും ഏക ഹൃദയവും ഉള്ളവരായിരുന്നു. തനിക്കു ഉള്ളത് ഒന്നും സ്വന്തം എന്നു ആരും പറഞ്ഞിരുന്നില്ല. സകലവും അവർക്കു പൊതുവായിരുന്നു (അ: പ്ര: 4: 32). പ്രയാസം അനുഭവിച്ചിരുന്ന മററു സഹോദരങ്ങളെ തങ്ങളാൽ കഴിയും വിധം അവർ സഹായിച്ചു. ഒരു സഭ മറെറാന്നിനെ ക്രിസ്തുവിൻെറ മററു സഭകളെ സഹായിച്ചു. അതിനായി അവർ മൂപ്പന്മാരെയും അപ്പോസ്തലന്മാരേയും ചുമതലപ്പെടുത്തി. സാമ്പത്തിക സഹായം അവരിലൂടെ മററു സഹോദരങ്ങൾക്കു എത്തിച്ചു കൊടുത്തു. (അ: പ്ര: 11: 29-30).

ഇന്നു ക്രിസ്ത്യാനികൾ എന്നു അഭിമാനിക്കുന്ന പൂരുഷന്മാരായ നാം പലരും ഒന്നാം നൂററാണ്ടിലെ ക്രിസ്ത്യാനികളെക്കാൾ മുമ്പിലോ പിമ്പിലോ എന്നു ചിന്തിക്കാം. ക്രിസ്തുവിൻെറ അപ്പോസ്തലന്മാർക്കോ ക്രിസ്ത്യാനികൾക്കോ നമുക്കു പലർക്കും ഉള്ളതുപോലെ ബിരുദങ്ങളോ ബിരുദാനന്തരബിരുദങ്ങളോ ഉണ്ടായിരുന്നില്ല. ഭൂസ്വത്തുക്കളോ ധനമോ അധികം ഉണ്ടായിരുന്നില്ല. രാജ്യത്തിലൊ സഭയിലൊ പ്രസിഡൻറ്, പ്രധാനമന്ത്രി, ഗവർണ്ണർ, മാർപാപ്പ, പാത്രിയാർക്കീസ്, കർദിനാൾ തുടങ്ങിയ ഉന്നത പദവികളാൽ തങ്ങളെത്തന്നെ അലങ്കരിച്ചിരുന്നില്ല.

(ശേഷം അടുത്ത ലക്കത്തിൽ)

★

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH**—The Voice of Truth—Speakers: Reggi Gnanasundaram and J. C. Choate

All correspondence should be sent to The Voice of Truth. Post Box 3815, New Delhi-110049.

Mondays — 9.00 to 9 15 P.M.
Fridays — 7.45 to 8.00 P.M.

**HINDI**—Satya Susamachar—Speaker. Sunny David.

All correspondence should be sent to Satya-Susamachar. Post Box 3815, New Delhi-110049.

Sundays — 12.45 to 1.00 P.M.
Tuesdays — 9.00 to 9.15 P.M.
Thursdays — 9.00 to 9.15 P.M.
Fridays — 9.00 to 9.15 P.M.

**TELUGU**—The Voice of Truth—Speaker : Joshua Gootam

All correspondence should be sent to The Voice of Truth! Post Box 80, Kakinada-533001.

Sundays — 2.30 to 2.45 P.M.
Tuesdays — 2.30 to 2.45 P.M.
Thursdays — 2.30 to 2.45 P.M.
Fridays — 2.30 to 2.45 P.M.
Saturdays — 2.30 to 2.45 P.M.

**TAMIL**—"The Way of Truth"—Speaker: P. R. Swamy.

All correspondence should be sent to The Way of Truth

Post Box 8405, Bangalore 560084.

Tuesdays — 5.30 to 5.45 P.M.
Thursdays — 6.45 to 7.00 P.M.
Sundays — 6.45 to 7.00 P.M.

**MALAYALAM**—The Voice of Truth—Speaker : P. K. Varghese

All correspondence should be sent to Church of Christ Trivandrum - 695034 Kerala.

Tuesdays & Fridays — 3.45 to 4.00 p.m.

**KANNADA**—The Voice of Truth— Speaker : Robert Rathnakar—Box. 448, Bangalore—560004

Sundays — 1.45 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited, Printed and Published by P. K. Varghese Church of Christ Tvm: Printed at Joshah Printers for Santhosh Printers Trivandrum.

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N) 22

You are Cordially Invited
To Attend
Services and Bible studies

Sunday 10 a.m.
Tuesday 6.30 P.m.

Meeting place

**CHURCH OF CHRIST BUILDING**

Sunny Meads Lane
Behind Sanskrit College, Palayam
Trivandrum - 695 034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum-34, Kerala, South India.

From

**THE BIBLE TRUTH**
Church of Christ
Behind Sanskrit College
Thiruvananthapuram-695 034
Phone : 443378

To